DESPATCHED
On...23-06-20
19/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2471(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **15141**/എസ്.ഐ.സി-ജി 6/14)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.വി.ജയപ്രകാശൻ,
സെക്രട്ടറി, AIYF ചിറ്റാരിപ്പറമ്പ് ലോക്കൽ കമ്മിറ്റി,
കെ.കെ.അടിയോടി സ്മാരക മന്ദിരം,
ചിറ്റാരിപ്പറമ്പ് പി.ഒ., കണ്ണൂർ ജില്ല,
പിൻ – 670 650. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
കൂത്തുപറമ്പ്.

2. അപ്പീൽ അധികാരി&
അസി.ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ),
ജില്ലാ കളക്ടറേറ്റ്, കണ്ണൂർ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.03.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 30.06.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21.07.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.09.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.09.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.വി.ജയപ്രകാശൻ 24.09.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 29.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.2471(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട റിപ്പോർട്ട് ടി ഓഫീസിൽ ലഭ്യമല്ല എന്നാണ് അറിയിച്ചതെന്നും തുടർന്ന് സമർപ്പിച്ച മറുപടിയിൽ ഇത്തരം റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരികളിൽ നിന്നാണ് ലഭ്യമാവുന്നതെന്നുള്ള മറുപടിയാണ് ടിയാന് ലഭിച്ചതെന്നും തുടർന്ന് ടിയാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപ്പീൽ അധികാരിയായ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)ക്ക് സമർപ്പിച്ച ടിയാന്റെ അപ്പീൽ പരിഗണിക്കുകയും ടിയാന്റെ പരാതി ന്യായമാണെന്നു ബോധ്യപ്പെട്ടതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ 7 ദിവസത്തിനകം ലഭ്യമാക്കണമെന്നു ഉത്തരവായെങ്കിലും എസ്.പി.ഐ.ഒ. ടി ഉത്തരവ് പാലിച്ചിട്ടില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 04.03.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ആരോഗ്യ മേഖലയിലെ 2012–2013 വർഷത്തെ പ്രൊജക്ട് മോണിറ്ററിംഗ് സമിതി അംഗങ്ങൾ ആരൊക്കെയെന്നും 2012–2013 വർഷം വികലാംഗർക്ക് ഉപകരണം വിതരണം ചെയ്ത പ്രൊജക്ടിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നുമാണ്. ആയതിന് 11.03.2014ന് നൽകിയ മറുപടിയിൽ ഒന്നാം ഇനത്തിന് മറുപടി നൽകുകയും ക്രമനമ്പർ 2ന് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നാണ് ലഭ്യമാകുന്നതെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 30.06.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 21.07.2014ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ 02.07.2014ന് സമർപ്പിച്ച അപ്പീൽ 21.07.2014ലെ ഓഫീസ് ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 05.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധി

പ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട മോണിറിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എല്ലാ പദ്ധതികളുടെയും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ലെന്നും ടി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫയലിലാണ് സൂക്ഷിച്ചു വരുന്നതെന്നും ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് ലഭ്യമാക്കണമെന്നുമാണ്. അതുപ്രകാരം രജിസ്റ്റേർഡ് കത്തയച്ച് ടി റിപ്പോർട്ട് മെഡിക്കൽ ഓഫീസറിൽ നിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീലിന്മേൽ രണ്ടാം എതിർകക്ഷിയുടെ ഉത്തരവിൽ ഹർജിക്കാരന്റെ ആക്ഷേപം ശരിയാണെന്നും ടി സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ 7 ദിവസത്തിനുള്ളിൽ ടിയാന് നൽകണമെന്ന് ഉത്തരവായിരുന്നതായി കമ്മീഷൻ വിലയിരുത്തുന്നു. ടി ഉത്തരവ് പാലിക്കാത്ത പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 19-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/